ഉപഭോഗം (യൂണിറ്റ്)	തുക
40	30 രൂപ 80 പൈസ
100	85 രൂപ 80 "
200	215 രൂപ 60 "
400	609 രൂപ 40 "
800	1951 രൂപ 40 "

(ഡി) മാസത്തിലൊരിക്കൽ ബിൽ നൽകിയാൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഉൾപ്പെടെയുള്ള തുക താഴെ കൊടുക്കുന്നു.

ഒരു മാസത്തെ ഉപഭോഗം (യൂണിറ്റ്)	തുക
20	15 രൂപ 40 പൈസ
50	42 രൂപ 90 "
100	107 രൂപ 80 "
200	304 രൂപ 70 "
400	975 രൂപ 70 "

എൻ. റ്റി. പി. സി. ക്ക് നൽകാനുള്ള തുക

71(284) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വാങ്ങിയ വകയിൽ സംസ്ഥാന വൈദ്യുതി ബോർഡ് എൻ. റ്റി. പി. സി. ക്ക് എന്തു തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കായകുളം തെർമൽ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡ് എൻ. റ്റി. പി. സി. ക്ക് എന്തു തുക നൽകാനുണ്ട് ;

(സി) എൻ. റ്റി. പി. സി. യുടെ കണക്കനുസരിച്ച് വൈദ്യുതി ബോർഡ് എൻ. റ്റി. പി. സി. ക്ക് എന്തു തുക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) കായകുളം തെർമൽ പ്ലാന്റ് വികസിപ്പിക്കുന്നതിനുള്ള പദ്ധതി എൻ. റ്റി. പി. സി. വേണ്ടെന്ന് വച്ചിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടായിരം ഒക്ടോബർ മാസത്തെ ബില്ലനുസരിച്ച് എൻ. റ്റി. പി. സി. യ്ക്ക് നൽകുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

	രൂപ കോടിയിൽ
രാമഗുണ്ടം	16.59
കായംകുളം	86.61
കിഴക്കൻമേഖല (എൻ.റ്റി.പി.സി. മുഖാന്തിരം)	5.70
ആകെ	108.90

(ബി) കായകുളം തെർമൽ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങിയ വകയിൽ 2000 ഒക്ടോബർ വരെ ബോർഡ് ഏകദേശം 213.73 കോടി രൂപ നൽകാനുണ്ട്. ഇതിൽ 170 കോടി രൂപയ്ക്കുള്ള ബോണ്ട് എൻ. റ്റി. പി. സി. യ്ക്ക് ബോർഡ് നൽകിയിട്ടുണ്ട്.

(സി) എൻ. റ്റി. പി. സി. യുടെ കണക്കനുസരിച്ച് ബോർഡ് ഏകദേശം 361.80 കോടി രൂപ നൽകാനുണ്ട്. ഈ തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വരുമാന നികുതി, ഇൻസെന്റീവ്, ഫിക്സഡ് ചാർജ്, സർചാർജ് മുതലായവയുടെ സാദ്ധ്യത സംബന്ധിച്ച് പ്രശ്നം സി.ഇ.ആർ.സി.യുടെ പരിഗണനയിലാണ്. സി.ഇ.ആർ.സി.യുടെ വിധിയെ ആശ്രയിച്ച് ബാദ്ധ്യത നിജപ്പെടുത്തുന്നതാണ്.

(ഡി) വേണ്ടെന്ന് വച്ചതായി അറിയില്ല.

കണ്ണൂരിൽ താപവൈദ്യുത നിലയം

72(285) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ താപ വൈദ്യുത നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ബി) എൻറോണും കെ.പി.പി. നമ്പ്യാർ ആന്റ് അസോസിയേറ്റ്സും തമ്മിലുള്ള കരാർ അവസാനിപ്പിച്ച ശേഷം കെ. പി.പി. നമ്പ്യാർ ആന്റ് അസോസിയേറ്റ്സ് മറ്റേതെങ്കിലും കമ്പനിയുമായി സഹകരണം ഉറപ്പാക്കിയിരുന്നതായി അറിവുണ്ടോ ;

(സി) പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനവേളയിൽ അമേരിക്കൻ സാമ്പത്തിക സഹകരണത്തിന്റെ ഭാഗമായി കണ്ണൂർ താപ വൈദ്യുത പദ്ധതിയ്ക്കുള്ള സഹായ കരാർ ഒപ്പിടുവാൻ തീരുമാനിച്ചിരുന്നതായി സർക്കാരിന് അറിവുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly